പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 458      19.03.2013 -ൽ മറുപടിക്ക്

കംപ്രസ്ഡ് നാചറൽ ഗ്യാസ് ഉപയോഗിച്ച് ബസ് ഓടിക്കൽ

ചോദ്യം

ശ്രീമതി. കെ.എസ്.സലീഖ

ഉത്തരം

ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ വിലവർദ്ധനവിൽ നിന്നും കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുവാൻ കംപ്രസ്ഡ് നാചറൽ ഗ്യാസ് (സി.എൻ.ജി) ഉപയോഗിച്ച് ബസ് ഓടിക്കുമെന്ന പ്രഖ്യാപനത്തിന്മേൽ, ഇതിനായുള്ള പ്ലാന്റ് പൂർത്തിയാക്കാൻ എത്ര വർഷം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്; | (എ) | പുതിയ സംരംഭമായതിനാൽ കൃത്യമായ സമയ ദൈർഘ്യം കണക്കാക്കിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതി ദീർഘകാലാടിസ്ഥാനത്തിൽ മാത്രം നടപ്പിലാക്കാൻ സാധിക്കുന്നതാണ് എന്ന് കരുതുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | പ്രസ്തുത പദ്ധതിമൂലം നിലവിലെ കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (സി) യും (ഡി) യും (ഇ) യും | സി.എൻ.ജി. ഇന്ധനമാക്കുന്നത് ഒരു പുതിയ സംരംഭമായതിനാൽ ബസ്സുകളുടെ ഓപ്പറേഷനിലുണ്ടാകുന്ന ലാഭനഷ്ടം ഇപ്പോൾ നിശ്ചയിക്കാനാകില്ല. കെ.എസ്.ആർ.ടി.സി. യ്ക്ക് ഇപ്പോഴുണ്ടായ പ്രതിസന്ധി ഡീസലിന്റെ സബ്സിഡിയുമായി ബന്ധപ്പെട്ടതാകയാൽ കേന്ദ്ര പെട്രോളിയം മന്ത്രാലയത്തിന്റെ വാഗ്ദാനമനുസരിച്ചുള്ള 100 |
| (ഡി) | കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കേന്ദ്ര സർക്കാരിന്മേൽ പ്രസ്തുത വിഷയങ്ങൾ അവതരിപ്പിച്ചിട്ടും | | |

| | | | |
|---|---|---|---|
| | യാതൊരുവിധ ധനസഹായവും അനുവദിച്ചിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | | കോടി രൂപ ലഭ്യമാക്കി പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ശ്രമം നടന്നു വരുന്നു. |
| (ഇ) | മുൻ സർക്കാരിന്റെ പ്രസ്തുത നിർദ്ദേശം കേന്ദ്ര സർക്കാർ അംഗീകരിക്കുവാൻ തയ്യാറായാൽ കെ.എസ്.ആർ.ടി.സി.ക്ക് ഈ ദുസ്ഥിതി ഇപ്പോൾ വരില്ലായിരുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (എഫ്) | തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ബസുകൾ കേരളത്തിലെ സ്വകാര്യ പമ്പുകളിൽ നിന്ന് കുറഞ്ഞ വിലയ്ക്ക് ഇന്ധനം ശേഖരിച്ച് ഡീസൽ വില വർദ്ധനവുമൂലമുള്ള പ്രതിസന്ധി മറികടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം പ്രതിദിനം 65 ലക്ഷത്തോളം രൂപയാണ് തമിഴ്നാട് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ലാഭിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | ഉണ്ട്. ലാഭത്തെ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമല്ല. |
| (ജി) | നിലവിലെ കോർപ്പറേഷൻ പമ്പുകളിലെ ജീവനക്കാരെ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. ക്ക് സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ അടിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വിശദമാക്കുമോ? | (ജി) | നിലവിൽ കോർപ്പറേഷൻ പമ്പുകളിലെ ജീവനക്കാരെ ഉപയോഗിച്ച് സ്വകാര്യ പമ്പുകളിൽ നിന്നും ഡീസൽ നിറയ്ക്കുന്ന കാര്യം പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ